**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1756** **13-02-2025 - ൽ മറുപടിയ്ക്ക്**

**ലൈബ്രറി കൗൺസിലിനുള്ള സർക്കാർ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ലൈബ്രറികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സർക്കാർ നൽകുന്ന തുക ലൈബ്രറി കൗൺസിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നൽകുന്ന തുക കെട്ടിട നിർമ്മാണത്തിനും ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, പബ്ലിക് അഡ്രസ് സിസ്റ്റം എന്നിവ വാങ്ങുന്നതിനുമാണ് ലൈബ്രറി കൗൺസിൽ വിനിയോഗിക്കുന്നത്. |
| (ബി) | ഓരോ സാമ്പത്തികവർഷവും സർക്കാർ ഗ്രാന്റിൽ വ്യത്യാസം വരുന്നുണ്ടോ; 2021-22 മുതൽ 2024-25 വരെ ഓരോ ജില്ലാ ലൈബ്രറി കൗൺസിലിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 2021-22 മുതൽ 2024-25 വരെ ഓരോ ജില്ലാ ലൈബ്രറി കൗൺസിലിനും അനുവദിച്ച തുക അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ ലൈബ്രറികളെ ആധുനികവത്കരിക്കുവാനും കമ്പ്യൂട്ടർവത്കരിക്കുവാനുമുള്ള നടപടികൾ വിശദീകരിക്കാമോ; ഈ പദ്ധതി എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ ലൈബ്രറികളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും പദ്ധതി ആരംഭിച്ചു കഴിഞ്ഞു. 3900 ലൈബ്രറികളിൽ നിലവിൽ കമ്പ്യൂട്ടർ ഉണ്ട്. 3300 ലൈബ്രറികളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് ലൈബ്രറി കൗൺസിൽ നടപടി സ്വീകരിച്ചുവരുന്നു. ആധുനിക വത്കരണത്തിന്റെ ഭാഗമായി കൗൺസിലിൽ അഫിലിയേറ്റു ചെയ്ത ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്കും ലൈബ്രറി പ്രവർത്തകർക്കും സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് പ്രത്യേക സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട്. സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനായി ലൈബ്രറി പ്രവർത്തകർക്കും റിസോഴ്സ് പേഴ്സൺമാർക്കും ആദ്യഘട്ട പരിശീലനം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈബ്രറികളിൽ പുസ്തകങ്ങളുടെയും ലൈബ്രറി അംഗങ്ങളുടെയും എൻട്രി നടത്തി വരുന്നു. ഇത് പൂർത്തിയാകുന്നതനുസരിച്ച് രണ്ടാം ഘട്ട പരിശീലനം കൂടി നൽകുകയും എല്ലാ ലൈബ്രറികളുടെയും പ്രവർത്തനം ഒരു ഏകീകൃത പ്ലാറ്റ്ഫോമിൽ നൽകുവാനും കഴിയും. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളുടെ കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ആയതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | കേരള പഞ്ചായത്ത് രാജ് ആക്ട് 207 (1) (സി) പ്രകാരം ലൈബ്രറികളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

2021-22 മുതൽ 2024-25 വരെ ഓരോ ജില്ലാ ലൈബ്രറി കൗൺസിലിനും അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| ക്രമ. നം | ജില്ലയുടെ പേര് | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3,91,13,563 | 4,92,56,510 | 3,16,47,968 | 2,90,20,571 | 14,90,38,612 |
| 2 | കൊല്ലം | 4,86,96,211 | 6,54,88,980 | 8,74,19,512 | 3,76,89,640 | 23,92,94,343 |
| 3 | പത്തനംതിട്ട | 1,17,50,355 | 2,07,05,914 | 2,27,13,449 | 1,65,67,801 | 7,17,37,519 |
| 4 | ആലപ്പുഴ | 1,90,96,793 | 2,36,89,477 | 2,51,78,392 | 1,51,95,331 | 8,31,59,993 |
| 5 | കോട്ടയം | 2,08,46,432 | 3,39,59,028 | 2,43,87,016 | 1,41,02,098 | 9,32,94,574 |
| 6 | ഇടുക്കി | 1,46,44,331 | 2,06,78,292 | 1,77,97,767 | 1,29,17,266 | 6,60,37,656 |
| 7 | എറണാകുളം | 2,90,51,424 | 3,27,95,631 | 4,32,48,007 | 2,49,47,713 | 13,00,42,775 |
| 8 | തൃശ്ശൂര് | 3,57,49,493 | 3,45,73,012 | 3,39,41,437 | 2,33,86,882 | 12,76,50,824 |
| 9 | പാലക്കാട് | 13,03,83,923 | 4,70,68,262 | 15,15,41,646 | 2,29,89,605 | 35,19,83,436 |
| 10 | മലപ്പുറം | 2,80,20,500 | 4,13,98,548 | 3,99,40,388 | 1,93,42,090 | 12,87,01,526 |
| 11 | കോഴിക്കോട് | 3,87,64,912 | 4,49,94,234 | 4,39,58,598 | 2,28,79,411 | 15,05,97,155 |
| 12 | വയനാട് | 1,15,48,265 | 2,03,76,578 | 2,12,72,160 | 1,16,11,372 | 6,48,08,375 |
| 13 | കണ്ണൂര് | 8,14,97,803 | 8,88,64,410 | 10,82,99,935 | 5,14,09,223 | 33,00,71,371 |
| 14 | കാസർകോട് | 1,88,59,373 | 4,23,29,238 | 3,78,88,687 | 2,42,01,273 | 12,32,78,571 |
| | ആകെ | 52,80,23,378 | 56,61,78,114 | 68,92,34,962 | 32,62,60,276 | 2,10,96,96,730 |